"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിൽ കുറവുള്ള സീറ്റുകൾ കണക്കിലെടുത്ത് താൽക്കാലിക അധിക ബാച്ചുകൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പ്**

സ.ഉ.(കൈ) നം.114/2026/GEDN തീയതി,തിരുവനന്തപുരം, 01-07-2026

പരാമർശം:-
1. 25/05/2026 ലെ സ.ഉ.(സാധാ)നം. 3529/2026/പൊ.വി.വ.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/06/2026 തീയതിയിലെ ICT Cell/1771/1/DGE_HSE/2026 നമ്പർ കത്ത്.

**ഉത്തരവ്**

2026-2027 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പരാമർശം (1) പ്രകാരം അംഗീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിൽ കുറവുള്ള സീറ്റുകൾ കണക്കിലെടുത്ത് താൽക്കാലിക അധിക ബാച്ചുകൾക്ക് അനുമതി നൽകണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സംസ്ഥാന തലത്തിൽ ആകെ 4,44,772 അപേക്ഷകരിൽ ജില്ലയ്ക്ക് പുറമേ നിന്നുള്ള 43,735 അപേക്ഷകൾ ഉണ്ട്. മുഖ്യഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റ് 2026 ജൂൺ 21 ന് പ്രസിദ്ധീകരിച്ചപ്പോൾ സംസ്ഥാന തലത്തിൽ ആകെ 2,47,388 അപേക്ഷകർക്ക് പ്രവേശനം / അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ജില്ലയ്ക്കകത്തെ അപേക്ഷകൾ പരിഗണിയ്ക്കുമ്പോൾ സംസ്ഥാന തലത്തിൽ ഇനി പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 1,28,671 ആണ്. സംസ്ഥാന തലത്തിൽ പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 1,42,300 സീറ്റുകൾ ശേഷിക്കുന്നുണ്ടെങ്കിലും ജില്ലാതല ആവശ്യകത സർക്കാർ എയ്ഡഡ് മേഖലകളിലെ സീറ്റുകൾ മാത്രം പരിഗണിക്കുമ്പോൾ പാലക്കാട് 2680 സീറ്റുകളുടേയും കോഴിക്കോട് 2291 സീറ്റുകളുടേയും മലപ്പുറം 3426 സീറ്റുകളുടേയും വയനാട് 14 സീറ്റുകളുടേയും കണ്ണൂർ 150 സീറ്റുകളുടേയും കാസറഗോഡ് 947 സീറ്റുകളുടേയും കുറവ് കാണുന്നുണ്ട്.

3) അപേക്ഷാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ പ്രവേശനത്തിന് ആഗ്രഹിക്കുന്നതിനാൽ സീറ്റുകളുടെ കുറവ് അധികമുള്ള പാലക്കാട്, കോഴിക്കോട് മലപ്പുറം കാസർഗോഡ് എന്നീ ജില്ലകളിൽ മുഖ്യഘട്ട അലോട്ട്മെൻറുകൾ പൂർത്തീകരിച്ച ശേഷമുള്ള സ്ഥിതി കൂടി പരിഗണിച്ച്

അധിക ബാച്ചുകൾ അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) മേൽ പ്രതിപാദിച്ച സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ 30 ബാച്ചുകളും ,കോഴിക്കോട് ജില്ലയിൽ 20 ബാച്ചുകളും, മലപ്പുറം ജില്ലയിൽ 60 ബാച്ചുകളും, കാസർഗോഡ് ജില്ലയിൽ 10 ബാച്ചുകളും, എന്ന പ്രകാരം ആകെ 120 ബാച്ചുകൾ അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും, ഇത്തരത്തിൽ 120 ബാച്ചുകൾ അനുവദിക്കുമ്പോൾ ഒരു ബാച്ചിന് 4 ഗസ്റ്റ് അധ്യാപകർ എന്ന നിലയിൽ ഒരു വർഷത്തേയ്ക്ക് ഏറ്റവും കുറഞ്ഞത് 17 കോടി 28 ലക്ഷം രൂപയുടെ (120 x 4 x 9 മാസം x 40,000 രൂപ) സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന വിവരവും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് 2026-27 വർഷം, പാലക്കാട് ജില്ലയിൽ 30 ബാച്ചുകളും കോഴിക്കോട് ജില്ലയിൽ 20 ബാച്ചുകളും മലപ്പുറം ജില്ലയിൽ 60 ബാച്ചുകളും കാസർഗോഡ് ജില്ലയിൽ 10 ബാച്ചുകളും എന്ന പ്രകാരം ആകെ 120 താൽക്കാലിക ബാച്ചുകൾ, ദിവസവേതന അടിസ്ഥാനത്തിൽ മാത്രം അധ്യാപകരെ നിയമിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും താഴെപറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലും അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

1. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പ്രഥമ പരിഗണന.
2. സർക്കാർ സ്കൂളുകളുടെ അഭാവത്തിൽ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ എയ്ഡഡ് സ്കൂളുകൾക്ക് പരിഗണന.
3. 2016 മുതൽ അഡീഷണൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഒഴിവാക്കപ്പെട്ടതും നിലവിൽ രണ്ട് ബാച്ചുകൾ മാത്രമുള്ളതുമായ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകൾക്ക് ഒരു ബാച്ച് കൂടി മുൻഗണന നൽകി അനുവദിക്കാവുന്നതാണ്.
4. സീറ്റുകളുടെ അഭാവമുള്ള സ്ഥലങ്ങളിൽ താലൂക്ക് അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിക്കേണ്ടതാണ്. അപ്രകാരം സ്കൂളുകൾ ബന്ധപ്പെട്ട Regional Deputy Director-മാർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്.

6.) വയനാട്ടിലെ പട്ടികവർഗ്ഗമേഖലകളിൽ പ്ലസ് വൺ ബാച്ചുകളിലെ കുറവ്

പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം. 59 തീയതി 30-06-2026 പ്രകാരം)
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Johndas D**
**Date: 01-07-2026 15:06:45**
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-06-2026

ഫയൽ നം. ജെ.ആർ3/121/2026/പൊവിവ.  ഇനം നം : 59

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - 2026-27 വർഷം സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിൽ കുറവുള്ള സീറ്റുകൾ കണക്കിലെടുത്ത് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

വയനാട്ടിലെ (Aspirational District) പട്ടികവർഗ്ഗമേഖലകളിൽ പ്ലസ് വൺ ബാച്ചുകളിലെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

30/6/26